**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 502** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തിക പ്രയാസങ്ങളും ഞെരുക്കങ്ങളും ഉണ്ടായിരുന്നിട്ടും ഓണത്തോടനുബന്ധിച്ച് തൊഴിലുറപ്പ് തൊഴിലാളികൾക്കുൾപ്പെടെ നൽകിയ സാമ്പത്തിക സഹായങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | 2023-2024 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ 5924 കുടുംബങ്ങൾക്ക് 1000/- രൂപ വീതം ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികം (ആകെ 59,24,000/- രൂപ) അനുവദിക്കാൻ അനുമതി നൽകിയിരുന്നു.<br><br>**2023-24 സാമ്പത്തിക വർഷം 100 ദിവസമോ അതിൽ കൂടുതലോ തൊഴിൽ ചെയ്ത MGNREG പദ്ധതിയിലെ 5,69,108 കുടുബങ്ങൾക്ക് 1000/- രൂപ നിരക്കിൽ ആകെ 56,91,08,000/- രൂപ പ്രത്യേക ഉത്സവബത്ത നൽകുന്നതിന് തുക അനുവദിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്.**<br><br>**പൂട്ടികിടക്കുന്ന സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങൾ, കയർ സ്ഥാപനങ്ങൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലെ 10,732തൊഴിലാളികൾക്ക്ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായമായി 2,000/- രൂപ നിരക്കിൽ അനുവദിച്ചു. സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, പനമ്പ്, ബീഡി & സിഗാർ എന്നീ മേഖലകളിലെ തുച്ഛവരുമാനക്കാരായ തൊഴിലാളികൾക്ക് മിനിമം കൂലിയിൽ നിന്നുണ്ടാകുന്ന കുറവ് നികത്തുവാൻ വരുമാന സഹായം നൽകുന്നതിനായി നടപ്പിലാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതിയുടെ ആദ്യ ഗഡുവായി ഓണത്തോടനുബന്ധിച്ച് ഓരോ തൊഴിലാളിയ്ക്കും 1250/- രൂപ വീതം അനുവദിച്ചു. ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന കശുവണ്ടി** |

| | | | |
|---|---|---|---|
| | | | **ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2000/- രൂപ എക്സ്ഗ്രേഷ്യ ധനസഹായവും അരിവിതരണത്തിനായി 250/- രൂപയും ചേർത്ത് ഒരാൾക്ക് 2,250/- രൂപ നിരക്കിൽ (14647 തൊഴിലാളികൾക്ക്) അനുവദിച്ചു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ റേഷൻകാർഡ് ഉടമകളായ തൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങളായ അരി(20 kg), പഞ്ചസാര(1 kg), വെളിച്ചെണ്ണ (1 L) എന്നിവ ഉൾപ്പെടുത്തി സപ്ലൈക്കോ മുഖേന ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 19,23,953.46/-രൂപ അനുവദിച്ചു.**<br><br>**37,129/- രൂപയോ അതിൽ കുറവോ ആകെ വേതനമായി കൈപ്പറ്റുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കും സംസ്ഥാന സർവ്വീസിൽ പ്രവർത്തിക്കുന്ന അഖിലേന്ത്യ സർവ്വീസിലെ ഓഫീസർമാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തദ്ദേശ സ്വയംഭരണ സർക്കാർ ജീവനക്കാർക്കും 4000/- രൂപ നിരക്കിൽ 2023-24 വർഷത്തെ ബോണസും ബോണസിന് യോഗ്യരല്ലാത്ത ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്തയും അനുവദിച്ചിരുന്നു.**<br><br>**ബോണസിന് അർഹതയില്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2023-24 വർഷത്തെ പ്രത്യേക ഉത്സവബത്തയായി 2750/-രൂപയും ദിവസ വേതന അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപയും പ്രത്യേക ഉത്സവ ബത്തയായും അനുവദിച്ച് ഉത്തരവായിരുന്നു.** |
| (ബി) | പെൻഷൻ വിതരണ കുടിശ്ശിക കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | **2023-2024 രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 രണ്ടാം പാദം (2024 സെപ്റ്റംബർ) വരെയുള്ള 375.57 കോടി രൂപ കേന്ദ്ര വിഹിതം കുടിശ്ശികയായി ലഭിക്കാനുണ്ട്.** |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 502**

**08/10/2024 ലെ മറുപടിയ്ക്ക്**

**'ക്ഷേമ പെൻഷൻ വിതരണം'**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.കെ.കെ ശൈലജ ടീച്ചർ** | **ശ്രീ.കെ.എൻ.ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ)സാമ്പത്തിക പ്രയാസങ്ങളും ഞെരുക്കങ്ങളും ഉണ്ടായിരുന്നിട്ടും ഓണത്തോടനുബന്ധിച്ച് തൊഴിലുറപ്പ് തൊഴിലാളികൾക്കുൾപ്പെടെ നൽകിയ സാമ്പത്തിക സഹായങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; | 2023-2024 സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ 5924 കുടുംബങ്ങൾക്ക് 1000/- രൂപ വീതം ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികം (ആകെ 59,24,000/- രൂപ) അനുവദിക്കാൻ അനുമതി നൽകിയിരുന്നു.<br>2023-24 സാമ്പത്തിക വർഷം 100 ദിവസമോ അതിൽ കൂടുതലോ തൊഴിൽ ചെയ്ത MGNREG പദ്ധതിയിലെ 5,69,108 കുടുബങ്ങൾക്ക് 1000/- രൂപ നിരക്കിൽ ആകെ 56,91,08,000/- രൂപ പ്രത്യേക ഉത്സവബത്ത നൽകുന്നതിന് തുക അനുവദിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്.<br>പൂട്ടികിടക്കുന്ന സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങൾ, കയർ സ്ഥാപനങ്ങൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലെ 10,732 തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായമായി 2,000/- രൂപ നിരക്കിൽ അനുവദിച്ചു. സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, മത്സ്യബന്ധനം, കൈത്തറി, ഖാദി, ഈറ്റ, |

| | |
|---|---|
| | പനമ്പ്, ബീഡി & സിഗാർ എന്നീ മേഖലകളിലെ തുച്ഛവരുമാനക്കാരായ തൊഴിലാളികൾക്ക് മിനിമം കൂലിയിൽ നിന്നുണ്ടാകുന്ന കുറവ് നികത്തുവാൻ വരുമാന സഹായം നൽകുന്നതിനായി നടപ്പിലാക്കുന്ന ഇൻകം സപ്പോർട്ട് പദ്ധതിയുടെ ആദ്യ ഗഡുവായി ഓണത്തോടനുബന്ധിച്ച് ഓരോ തൊഴിലാളിയ്ക്കും 1250/- രൂപ വീതം അനുവദിച്ചു. ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2000/- രൂപ എക്സ്ഗ്രേഷ്യ ധനസഹായവും അരിവിതരണത്തിനായി 250/- രൂപയും ചേർത്ത് ഒരാൾക്ക് 2,250/- രൂപ നിരക്കിൽ (14647 തൊഴിലാളികൾക്ക്) അനുവദിച്ചു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ റേഷൻകാർഡ് ഉടമകളായ തൊഴിലാളികൾക്ക് നിത്യോപയോഗ സാധനങ്ങളായ അരി(20 kg), പഞ്ചസാര(1 kg), വെളിച്ചെണ്ണ (1 L) എന്നിവ ഉൾപ്പെടുത്തി സപ്ലൈക്കോ മുഖേന ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 19,23,953.46/-രൂപ അനുവദിച്ചു.<br><br>37,129/- രൂപയോ അതിൽ കുറവോ ആകെ വേതനമായി കൈപ്പറ്റുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കും സംസ്ഥാന സർവ്വീസിൽ പ്രവർത്തിക്കുന്ന അഖിലേന്ത്യ സർവ്വീസിലെ ഓഫീസർമാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജിവനക്കാർക്കും തദ്ദേശ സ്വയംഭരണ സർക്കാർ ജീവനക്കാർക്കും 4000/- രൂപ നിരക്കിൽ 2023-24 വർഷത്തെ ബോണസും ബോണസിന് യോഗ്യരല്ലാത്ത ജീവനക്കാർക്ക് പ്രത്യേക ഉത്സവബത്തയും അനുവദിച്ചിരുന്നു.<br><br>ബോണസിന് അർഹതയില്ലാത്ത പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2023-24 വർഷത്തെ പ്രത്യേക ഉത്സവബത്തയായി 2750/-രൂപയും ദിവസ വേതന അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 1210/- രൂപയും പ്രത്യേക ഉത്സവ ബത്തയായും അനുവദിച്ച് ഉത്തരവായിരുന്നു. |

| | |
|---|---|
| (ബി)പെൻഷൻ വിതരണ കുടിശ്ശിക കേന്ദ്രസർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | 2023-2024 രണ്ടാം പാദം (2023 ജൂലൈ) മുതൽ 2024-25 രണ്ടാം പാദം (2024 സെപ്റ്റംബർ) വരെയുള്ള 375.57 കോടി രൂപ കേന്ദ്ര വിഹിതം കുടിശ്ശികയായി ലഭിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**